

# ബിരിയാണി

സന്തോഷ് ഏച്ചിക്കാനം

MALAYALAM LANGUAGE

Biriyāni
LITERATURE/STORIES
*by* Santhosh Aechikkānam

Rights Reserved

First Published September 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Santhosh Aechikkanam.
Biriyani/Santhosh Aechikkanam.
104 p., 21 cm.
ISBN 978-81-264-7382-3.
1. Malayalam story. I. Title.
8M3.01*-dc 22.

*(This is local varition of DDC number for Malayalam literature: Biriyani).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-7382-3

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 90.00

513/16-17-Sl.No. 15765-dcb 6480-2000-2554-09-16-Itc. 17.0-p pk-r sd-d jo.

അനുബന്ധം

# ‘ബിരിയാണി’യിൽ തെളിയുന്ന ഡയസ്പോറ

ഡോ. വി. അബ്ദുൾ ലത്തീഫ്

അമേരിക്കയിലെ ഡ്യൂക്ക് സർവ്വകലാശാലയിലെ കൾച്ചറൽ ആന്ത്രപ്പോളജി വിഭാഗത്തിൽ പ്രൊഫസറായ എങ്സങ്ഹോയുമായി ജലീൽ പി.കെ.എം. നടത്തുന്ന ഒരു അഭിമുഖമുണ്ട് ചെമ്മാട് ദാറുൽഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റി പ്രസിദ്ധീകരണമായ ‘തെളിച്ചം’ വാർഷികപ്പതിപ്പിൽ. മാപ്പിളയുണ്ടായ യാത്രകൾ എന്ന പേരിൽ പ്രത്യേക ഡയസ്പോറ പതിപ്പാണ് ഇത്. ദേശീയത അപ്രസക്തമായി, ദേശാന്തരബന്ധങ്ങൾ തിരിച്ചു പിടിക്കണം എന്ന എങ്സങ്ഹോയുടെ മുഖവാചകമാണ് വാർഷികപ്പതിപ്പിന്റെ ഹൈലൈറ്റ്. സ്വന്തം കാൽക്കീഴിൽ കുഴിച്ചു കുഴിച്ച് അവനവന്റെ ഇന്നലെയെ ഉറപ്പിക്കുന്നതിന്റെ കാലം കഴിഞ്ഞെന്നും വലിയ കണ്ണാടിയിലൂടെ നോക്കിയാൽ ദേശം, വംശം എന്നിവയുടെ സ്വതന്ത്രാസ്തിത്വം അലിഞ്ഞില്ലാതാവുമെന്നും പുതിയ ഡയസ്പോറ പഠനങ്ങൾ സമർത്ഥിച്ചുകൊണ്ടിരിക്കുന്നു.

അകത്തേക്കും പുറത്തേക്കുമുള്ള അനേകം സഞ്ചാരങ്ങളാണ് കേരളത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. പുറത്തേക്ക് കാണുന്നതുപോലെ നിലനിൽക്കുന്നതല്ല ഇവിടെ കാണുന്ന സെക്ടുകൾ. ഒന്നു തർക്കിച്ചു നോക്കിയാൽ ഹിന്ദു എന്ന സങ്കല്പം ചിതറിപ്പോകും. ’നായർ ഒരു മതമാണ്’ എന്ന എം.പി. നാരായണപ്പിള്ളയുടെ പഴയ കലാകൗമുദി ലേഖനം ഇവിടെ ഓർക്കാം. സൂക്ഷിച്ചുനോക്കിയാൽ ഇസ്ലാം എന്ന പൊതുസംജ്ഞയ്ക്കകത്തും സുന്നി, ഷിയ, അഹമ്മദിയാ തുടങ്ങിയ മതങ്ങളെ കാണാം. ഈ മതങ്ങൾക്കകത്തെല്ലാം പരസ്പരം കലഹിക്കുന്ന ഉപജാതികളുണ്ട്, സാംസ്കാരിക ധാരകളുണ്ട്. ജമാഅത്തെ ഇസ്ലാമി സ്ഥാപകനായ അബുൾ അഅ്ലാ മൗദൂതി 1953-ൽ പാക്ക് ജയിലിൽ വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നത് ഇരുന്നൂറോളം അഹമ്മദീയ മുസ്ലിങ്ങൾ കൊല്ലപ്പെട്ട കലാപത്തിലെ പങ്കാളിത്തം ആരോപിച്ചാണ്. മലബാറിലെ മാപ്പിളമാരെപ്പോലെ ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭാഗങ്ങളിലെല്ലാം സങ്കര